# 05.07.2018-ാം തീയതി കൂടുന്ന വിർച്വൽ മീറ്റിംഗിന്റെ അജണ്ട

കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ജില്ലാപഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം കാര്യാലയങ്ങളിൽ ചുവടെ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അതാത് കാര്യാലയത്തിന്റെ മേലധികാരി Google sheet proforma-യിൽ 03.07.2018-ാം തീയതി 3 PM-ന് മുൻപായി രേഖപ്പെടുത്തുകയും, ആയതിന്റെ printout copy സഹിതം യോഗത്തിൽ ഹാജരാക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നീ തസ്വഭവ എഞ്ചിനീയറിംഗ് വിഭാഗം കാര്യാലയങ്ങളിലെ വിവരങ്ങൾ ബ്ലോക്ക്പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ക്രോഡീകരിച്ച് ഹാജരാക്കേണ്ടതാണ്. അതാത് ബ്ലോക്ക്പഞ്ചായത്തിന്റെ കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിൽ നിന്നും സാങ്കേതികാനുമതി ലഭിക്കുന്നതിലേയ്ക്ക് ഗ്രാമപഞ്ചായത്തുകൾ സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റുകളുടെ എണ്ണം, ആയവയിൽ സാങ്കേതികാനുമതി അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ എണ്ണം, സാങ്കേതികാനുമതി അനുവദിക്കുന്നതിന് കാലതാമസം നേരിടുന്ന പ്രവൃത്തികളുടെ എണ്ണവും, ആയതിന്റെ കാരണവും സഹിതം ബ്ലോക്ക്പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഹാജരാകേണ്ടതാണ്.

1) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ, എന്നീ തസ്തികയിലുള്ള ഒഴിവുകൾ, അഡീഷണൽ ചാർജ്ജ് നൽകിയിട്ടുള്ള വിവരങ്ങൾ, അവധിയിൽ പ്രവേശിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ എണ്ണം എന്നിവ Google sheet proforma P-1031-ൽ രേഖപ്പെടുത്തുകയും, ആയതിന്റെ printout copy സഹിതം ടി യോഗത്തിൽ ഹാജരാക്കേണ്ടതാണ്.
2) വാഹനം വാങ്ങിയതിന്റെ വിവരങ്ങൾ, വാഹനം ആവശ്യമുള്ള കാര്യാലയങ്ങളുടെ പേരും എണ്ണവും Google sheet proforma P-1032-ൽ രേഖപ്പെടുത്തുകയും, ആയതിന്റെ printout copy സഹിതം ടി യോഗത്തിൽ ഹാജരാക്കേണ്ടതാണ്.
3) പദ്ധതികളുടെ ഫണ്ട് തിരിച്ച് സാങ്കേതികാനുമതി നേടേണ്ട പ്രവൃത്തികളുടെയും, സാങ്കേതികാനുമതി നേടാനുള്ള പ്രവൃത്തികളുടെയും വിവരങ്ങൾ, ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികളുടെ ഫണ്ട് തിരിച്ചുള്ള വിവരങ്ങൾ Google sheet proforma P-1027-ൽ രേഖപ്പെടുത്തേണ്ടതാണ്.

മുകളിൽ പ്രതിപാദിച്ചിട്ടുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ആവശ്യപ്പെട്ടിട്ടുള്ള സമയത്തിനുള്ളിൽ തന്നെ google sheet proforma-കളിൽ രേഖപ്പെടുത്തുകയും, ആയതിന്റെ print out സഹിതം തസ്വഭവ എഞ്ചിനീയറിംഗ് വിഭാഗം മേധാവികൾ യോഗത്തിൽ ഹാജരാകേണ്ടതാണ്.

**ചീഫ് എഞ്ചിനീയർ**